# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **14.01.2025** മുതൽ **18.01.2025**വരെ)

# കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.കെ.ഡി. – 04/2025 | തീയ്യതി: 13/01/2025 |
|---|---|

## എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ


| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.2 – 35.4 | 23.4 – 25.4 | 58 - 80 | 00 - 04 |

## ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 14-01-2025 | 15-01-2025 | 16-01-2025 | 17-01-2025 | 18-01-2025 |
|---|---|---|---|---|---|
| മഴ, മി.മീ | 2 | 1 | 0.2 | 0.1 | 0 |
| കൂടിയതാപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 78 | 78 | 78 | 76 | 76 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 56 | 56 | 56 | 54 | 54 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 2 | 2 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 320 | 320 | 320 | 340 |
| മേഘവിന്യാസം, ഒക്ടാ | 6 | 5 | 8 | 4 | 3 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും.<br>ജനുവരി 13 മുതൽ 15 വരെ ശക്തി കുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 64.4 മില്ലി വരെ).<br>ജനുവരി 16 ന് നേരിയ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 15.5 മില്ലി വരെ).<br>ജനുവരി 17 ന് മഴയില്ല. | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | കൃഷിയിടങ്ങളിൽ തുടർച്ചയായി വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്.<br>പാകമായ വിളകൾ വിളവെടുക്കുകയും, വേഗത്തിൽ സംഭരിക്കാൻ കൊണ്ടുപോകുകയും ചെയ്യുക. വിളവെടുത്ത വിളകൾ വയലിലോ തുറസ്സായ സ്ഥലങ്ങളിലോ കൂമ്പാരമാക്കിയിടരുത്.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>കീടനാശിനി പശ ചേർത്തു തളിക്കുക. | | |
| നെല്ല് | പറിച്ചുനട്ടയിടങ്ങൾ | ഓലചുരുട്ടിപുഴു<br> | ഓലചുരുട്ടിപുഴുആക്രമണംഉണ്ടെങ്കിൽമുള്ളുള്ളകമ്പുവലിച്ചുഓലചുരുളുകൾതുറക്കുക.<br>ആക്രമണംരൂക്ഷമാണെങ്കിൽമാത്രംഫ്ലുബാൻഡൈഅമൈഡ്39.35%SC @1 മില്ലി/10ലിറ്റർവെള്ളത്തിൽഎന്നതോതിൽകലർത്തിതളിച്ച്കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി<br> | ആക്രമണം പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ മാത്രമേ ആക്രമണ വിധേയമായ തെങ്ങുകളെ സംരക്ഷിക്കാം സാധിക്കുകയുള്ളൂ.തിരിയോലകളും മധ്യനിരയിലുള്ള ഓലകളും മഞ്ഞളിക്കുകയാണെങ്കിൽ നിർബന്ധമായും സൂക്ഷ്മനിരീക്ഷണം നടത്തണം.തെങ്ങോല തടിയോട് ചേരുന്ന ഭാഗത്തു തുറന്ന ദ്വാരം പ്രത്യക്ഷപ്പെടുക,കീടത്തിന്റെ ജൈവാ-വശിഷ്ട്ടങ്ങൾ,സമാധി,ദശ എന്നിവ തെങ്ങിന്റെ ഓലക്കവിളുകളിലും തടത്തിലിൻ കാണുകയാണെങ്കിൽ ആക്രമണം ഉള്ളതായി ഉറപ്പിക്കാം.<br>നിയന്ത്രണ മാർഗങ്ങൾ:- സ്പിനോസാഡ് നേർപ്പിച്ച് (4മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തടിയിലെ തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക. അതോടൊപ്പം തെങ്ങുകളുടെ മുകളിലത്തെ രണ്ടും മൂന്നും ഒലക്കവിളുകളിലും ഇതേ ലായനി ഒഴിക്കുക.<br>തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | ചീച്ചൽ രോഗം : മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |

| | | | |
|---|---|---|---|
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക. |
| വിവിധ വിളകൾ | വിവിധ ഘട്ടം | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ<br><br>നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ് | 5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക<br>അല്ലെങ്കിൽ<br>മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക. |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച<br> | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>+<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40$m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | പൊടി പൂപ്പൽ രോഗം<br> | മുൻ കരുതലായി “മാങ്കോസെബ്” 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ “ലൈം സൾഫർ ” 3 ഗ്രാം. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..<br>രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| വെള്ളരി വർഗ വിളകൾ | വിവിധ ഘട്ടം | വെള്ളരി വർഗ്ഗവിളകളിൽ വൈറസ് രോഗം<br> | രോഗം വന്ന ചെടികൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക.<br>രോഗം പരത്തുന്ന കീടങ്ങളെ നശിപ്പിക്കാനായി ഡൈഫെൻതയുറോൺ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക. |

| | | | |
|---|---|---|---|
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ<br> | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യുഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |